പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം.*107

03/12/2018-ൽ
മറുപടിയ്ക്ക്

## വിദ്യാഭ്യാസ രംഗത്തെ നവീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.എ.എൻ. ഷംസീർ<br>ശ്രീ.പി.ടി.എ. റഹീം<br>ശ്രീ.മുരളി പെരുനെല്ലി | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) അദ്ധ്യയന വർഷാവസാനം മാത്രം പാഠപുസ്തകം ലഭിച്ചിരുന്നതിൽ നിന്ന് വ്യത്യസ്തമായി സ്കൂൾ തുറക്കുന്നതിനു ഏറെ മുമ്പേ തന്നെ പാഠപുസ്തകങ്ങൾ വിതരണം ചെയ്യാനും സൗജന്യമായി യൂണിഫോം നൽകാനും ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2018-19 അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പായി 1 മുതൽ 10 വരെ ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും കെ.ബി.പി.എസ്സ് (കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി)-നെ ചുമതലപ്പെടുത്തി കൊണ്ട് ഉത്തരവ് നൽകിയിരുന്നു. 2018-19 അദ്ധ്യയന വർഷത്തിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിലേയ്ക്ക് ഒന്നാം വാല്യം 288 ടൈറ്റിലുകളിലായി 3.06 കോടി പാഠപുസ്തകങ്ങളും രണ്ടാം വാല്യം 187 ടൈറ്റിലുകളിലായി 1.96 കോടി പാഠപുസ്തകങ്ങളും മൂന്നാം വാല്യം 66 ടൈറ്റിലുകളിലായി 59.6 ലക്ഷം പാഠ പുസ്തകങ്ങളുമാണ് അച്ചടിച്ച് വിതരണം ചെയ്തിട്ടുള്ളത്. അതുപോലെ അന്ധ വിദ്യാലയങ്ങൾക്ക് ബ്രെയിലി പാഠപുസ്തകങ്ങളും കാഴ്ച കുറവുള്ള വിദ്യാർത്ഥികൾക്ക് വലിയ അക്ഷരത്തിലുള്ള പാഠപുസ്തകങ്ങളും നൽകിയിട്ടുണ്ട്. ഒന്നാം വാല്യം പാഠപുസ്തകത്തിന്റെ വിതരണം 2018 ജനുവരി 15-ാം തീയതി മുതലും രണ്ടാം വാല്യം ആഗസ്റ്റ് 6-ാം തീയതി മുതലും, മൂന്നാം വാല്യം ഒക്ടോബർ 17-ാം തീയതി മുതലും സ്കൂൾ സൊസൈറ്റികളിൽ എത്തിച്ച് വിതരണം കൃത്യസമയത്തു തന്നെ പൂർത്തീകരിച്ചു. |

സ്കൂൾ അദ്ധ്യയന വർഷാരംഭത്തിന് 5 മാസം മുമ്പ് തന്നെ സ്കൂളുകളിൽ ഒന്നാം വാല്യം പാഠപുസ്തകങ്ങൾ എത്തിച്ച് നൽകിയിരുന്നു. രണ്ടു മുതൽ ഒൻപതുവരെ ക്ലാസ്സിലെത്തുന്ന വിദ്യാർത്ഥികൾക്ക് വർഷാവസാന പരീക്ഷ തീരുന്ന മുറയ്ക്കും, ഒൻപതാം ക്ലാസ്സിലെ റിസൽട്ട് വരുന്ന മുറയ്ക്ക് 10-ാം ക്ലാസ്സിലെത്തുന്ന വിദ്യാർത്ഥികൾക്കും പാഠപുസ്തകങ്ങൾ നൽകുവാനുള്ള നടപടിയും സ്വീകരിച്ചിരുന്നു. പ്രകൃതിക്ഷോഭം മൂലവും വെള്ളപ്പൊക്കത്തിലും പാഠ പുസ്തകങ്ങൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് ആയത് നൽകുന്നതിലേയ്ക്കായി ആറു ലക്ഷം പാഠപുസ്തകങ്ങൾ പ്രളയബാധിത ജില്ലകളിൽ സമയബന്ധിതമായി എത്തിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം അച്ചടിയും വിതരണവും കുറ്റമറ്റ രീതിയിൽ നടത്തി അദ്ധ്യയന വർഷാരംഭത്തിനു മുമ്പുതന്നെ പാഠ പുസ്തകങ്ങളുടെ വിതരണം നടത്തുവാനും രണ്ടും മൂന്നും വാല്യം പാഠപുസ്തകങ്ങൾ യഥാസമയം തന്നെ പരാതിക്കിടനൽകാതെ സ്കൂളുകളിൽ എത്തിക്കുവാനും സാധിച്ചിട്ടുണ്ട്.

ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്കാവശ്യമായ പാഠ പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നത് 'സി-ആപ്റ്റ്' ആണ്. 2018-19 അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ സ്കൂൾ തലത്തിൽ നിന്നും നേരിട്ട് 'സി-ആപ്റ്റി'ന് ഇന്റന്റ് നൽകി ആയതിന്റെ അടിസ്ഥാനത്തിൽ അച്ചടിച്ച് വിതരണം പൂർത്തീകരിച്ചിട്ടുണ്ട്.

2018 -19 അദ്ധ്യയന വർഷം സ്കൂൾ തുറക്കുന്നതിനു മുമ്പ്തന്നെ 1 മുതൽ 4 വരെയും, 1 മുതൽ 5 വരെയും, 1 മുതൽ 7 വരെയും, 5 മുതൽ 7 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ പ്രൈമറി സ്കൂളുകളിൽ കൈത്തറി യൂണിഫോം വിതരണം നടത്തുന്നതിനും എയ്ഡഡ് സ്കൂൾ കുട്ടികൾക്ക് യൂണിഫോമിന് ആവശ്യമായ തുക നൽകുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എത്രയെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ എത്തിയതിനു ശേഷം 2 മുതൽ 9 വരെ ക്ലാസുകളിൽ 2015-16 അദ്ധ്യയന വർഷത്തെ അപേക്ഷിച്ച് വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് 2016-17-ൽ 32,606 കുട്ടികളും, 2016-17-നെ അപേക്ഷിച്ച് 2017-18-ൽ 51,010 കുട്ടികളും 2017-18 നെ അപേക്ഷിച്ച് 2018-19-ൽ 64,860 കുട്ടികളും വർദ്ധിച്ചിട്ടുണ്ട്.

സർക്കാർ അനുവദിച്ച നിശ്ചിത സീറ്റുകളിലേക്കാണ് ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലേയ്ക്ക് അഡ്മിഷൻ നടത്തുന്നതെന്നതിനാൽ കുട്ടികളുടെ വർദ്ധനവ് ബാധകമാകുന്നില്ല.

(സി) അമ്പതു വിദ്യാർത്ഥികൾ പോലുമില്ലാത്ത എത്ര പൊതു വിദ്യാലയങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ ; വിദ്യാഭ്യാസ രംഗത്തെ നവീകരണ പ്രവർത്തനങ്ങൾ സമ്പൂർണ്ണ വിജയമാക്കിത്തീർക്കുന്നതിന്, ഇത്തരം വിദ്യാലയങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ അപഗ്രഥിച്ച് അവ പരിഹരിക്കാനുള്ള ശ്രമം നടത്തുന്നുണ്ടോ; വിശദമാക്കാമോ ?

(സി) അമ്പതു വിദ്യാർത്ഥികൾ പോലുമില്ലാത്ത ഹൈസ്കൂൾതലം വരെയുള്ള പൊതു വിദ്യാലയങ്ങൾ സർക്കാർ മേഖലയിൽ 1,213 ഉം എയ്ഡഡ് മേഖലയിൽ 1,523 ഉം ആണുള്ളത്. കൂടാതെ അംഗീകൃത അൺ എയ്ഡഡ് മേഖലയിൽ 61 സ്കൂളുകളുമുണ്ട്. ഈ മൂന്ന് മേഖലയിലും കൂടി 2018-19 -ലെ അദ്ധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിനത്തിലെ കണക്കുകൾ പ്രകാരം ആകെ 2,797 വിദ്യാലയങ്ങളാണ് ഉള്ളത്.

ഹയർ സെക്കന്ററി മേഖലയിൽ 50 വിദ്യാർത്ഥികൾ പോലുമില്ലാത്ത സർക്കാർ മേഖലയിലെ 21 സ്കൂളുകളും, ഒരു എയ്ഡഡ് ജനറൽ സ്കൂളും സംസ്ഥാനത്തുണ്ട്. ഈ അദ്ധ്യയന വർഷം വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ഹയർ സെക്കന്ററി മേഖലയിലെ 14 വിദ്യാലയങ്ങളെ തെരഞ്ഞെടുത്ത്, നിലവാരത്തിൽ മുന്നിലെത്തിക്കുന്നതിനായി Quality Improvement Programme (QIP) -ന്റെ ഭാഗമായി ഹയർ സെക്കന്ററി വകുപ്പിൽ നിന്നും പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

കൂടാതെ സംസ്ഥാനത്തെ വിദ്യാർത്ഥികൾ കുറവുള്ള വിദ്യാലയങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് അവ എപ്രകാരം പരിഹരിക്കാമെന്ന് പരിശോധിക്കുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപടികൾ സ്വീകരിച്ചു വരുന്നു.

Namitha

സെക്ഷൻ ഓഫീസർ